*'CORRUPTION, A CRIME AGAINST NATION'*

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇമെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി: 10.02.2023**

## "കൈക്കൂലി വാങ്ങുന്നതിനിടെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വിജിലൻസ് പിടിയിൽ"

തൃശ്ശൂർ ജില്ലയിലെ, മതിലകം ബ്ലോക്കിന്റെ കീഴിലുള്ള കൈപ്പമംഗലം ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വിഷ്ണു. പി.ആർ 1,000/- രൂപ (ആയിരം രൂപ) കൈക്കൂലി വാങ്ങുന്നതിനിടെ ഇന്ന് (10.02.2023) വിജിലൻസ് പിടികൂടി.

തൃശ്ശൂർ ജില്ലയിലെ, കൈപ്പമംഗലം ഗ്രാമപഞ്ചായത്തിലെ ഒമ്പതാം വാർഡിലെ മെമ്പറും, പരാതിക്കാരനുമായ ശ്രീ. ഷഫീക്കിന്റെ വാർഡിൽപ്പെട്ട ശ്രീമതി. ഷഹർബാൻ എന്നയാൾക്ക് വീടിന്റെ അറ്റകുറ്റപണിക്കായി 2021 -2022 സാമ്പത്തികവർഷത്തിൽ അനുവദിച്ച രണ്ടാം ഗഡു തുകയായ 25,000/- രൂപ അനുവദിക്കുന്നതിന് പ്രോജക്ടിൻറെ നിർവഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വിഷ്ണു.പി.ആർ, ഇന്നലെ (09.02.2023) രാവിലെ സ്ഥല പരിശോധനക്ക് എത്തിയ സമയം പണം അനുവദിക്കണമെങ്കിൽ ശ്രീമതി. ഷഹർബാനോട് 1,000/- രൂപ കൈക്കൂലി നൽകണമെന്ന് ആവശ്യപ്പെട്ടു. ശ്രീമതി. ഷഹർബാൻ ഈ വിവരം പഞ്ചായത്ത് മെമ്പർ ആയ ശ്രീ. ഷഫീക്കിനെ അറിയിക്കുകയും, തുടർന്ന് ഇന്നലെ ഉച്ചക്ക്ശേഷം ഷഫീക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ ചെന്ന്കണ്ടപ്പോൾ 1,000/- രൂപ കൈക്കൂലി വാങ്ങി നൽകുന്നതിന് ആവശ്യപ്പെടുകയും ചെയ്തു. ശ്രീ. ഷഫീക്ക് ഈ

വിവരം വിജിലൻസ്, തൃശ്ശൂർ യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ.ജിംപോളിനെ അറിയിക്കുകയും, അദ്ദേഹം കെണി ഒരുക്കി ഇന്ന് (10.02.2023) രാവിലെ 11.45 മണിയോടുകൂടി കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ മുറിയിൽ വച്ച് 1,000/- രൂപ കൈക്കൂലി വാങ്ങവെ വിഷ്ണുവിനെ വിജിലൻസ് സംഘം കയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റിലായ പ്രതിയെ ഇന്ന് തൃശൂർ വിജിലൻസ് കോടതിയിൽ ഹാജരാക്കുകയും, ബഹുമാനപ്പെട്ട കോടതി പ്രതിയെ 14 ദിവസം ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടുകൊണ്ട് ഉത്തരവായിട്ടുള്ളതുമാണ്.

വിജിലൻസ് സംഘത്തിൽ വിജിലൻസ്, ത്രിശൂർ യുണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ ജിംപോളിനെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ. സുനിൽകുമാർ, സബ് ഇൻസ്പെക്ടർമാരായ ശ്രീ. ദിനേശൻ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ ശ്രീ.അമോദ്, ശ്രീ. ബൈജു, എസ്.സി.പി.ഒ സന്ധ്യ, സി.പി.ഒ മാരായ ഗണേഷ്, വിബീഷ്, സൈജുസോമൻ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.